**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2375 05.02.2018-ലെ മറുപടിയ്ക്ക്

## കായികതാരങ്ങളെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് യോഗ്യരാക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കഴിവുള്ള കായികതാരങ്ങളെ കണ്ടെത്തി മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര മത്സരങ്ങൾക്ക് യോഗ്യരാക്കുന്നതിനായി നിലവിൽ എന്ത് സംവിധാനമാണുള്ളത്;പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനരീതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായിക താരങ്ങളെ സജ്ജരാക്കുന്നതിനായി അത്ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>നിലവിൽ തൃപ്രയാർ (വോളിബോൾ), മുണ്ടയാട് (ബാസ്കറ്റ്ബോൾ) എൽ.എൻ.സി.പി.ഇ (അത് ലറ്റിക്സ്), എറണാകുളം (ഫെൻസിംഗ്) എന്നീ കേന്ദ്രങ്ങളിലായാണ് പരിശീലനം നടന്നു വരുന്നത്. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ മികച്ച |

| | | | |
|---|---|---|---|
| | | | രീതിയിലുള്ള കായിക ഉപകരണങ്ങൾ, വിദഗ്ധ പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, വിദേശ പരിശീലകരുടെ പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | നിലവിലെ സംവിധാനത്തിന് പോരായ്മകൾ ഉണ്ടോയെന്ന് പരിശോധിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ് |
| (സി) | സംസ്ഥാനത്തിന്റെ കായികപരിശീലന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ കായിക പരിശീലന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിയ്ക്കുന്നതിന്റെ ഭാഗമായി പരിശീലകർക്ക് റിഫ്രഷ്മെന്റ് കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**